# സെന്റ് തോമസ് ഹൈസ്കൂൾ മണിക്കടവ്

## അക്കാദമിക മാസ്റ്റർ പ്ലാൻ

## 2025 - 26

### ആമുഖം

ബ്രഹ്മഗിരി മലനിരകളുടെ താഴ്വരയിൽ സ്ഥിതിചെയ്യുന്ന പ്രകൃതി രമണീയമായ ഭൂപ്രദേശമാണ് മണിക്കടവ് ഗ്രാമം. 1976 ൽ ആരംഭിച്ച മണിക്കടവ് സെന്റ് തോമസ് ഹൈസ്കൂൾ 49 വർഷം മികച്ച രീതിയിൽ മുന്നോട്ട് പോകുകയും നാടിന്റെ പുരോഗതിയിൽ അനുകരണീയമായ സ്ഥാനം അലങ്കരിക്കുകയും ചെയ്യുന്നു. ഈ നേട്ടങ്ങൾക്ക് പിന്നിൽ ദിശാബോധത്തോടുകൂടിയ പ്ലാനിങ്ങിലൂടെ സ്കൂളിന്റെ പ്രവർത്തനങ്ങളെ മുന്നോട്ടു കൊണ്ടുപോകുന്ന എന്നതു തന്നെയാണ്. 2025-26 അധ്യയന വർഷത്തെ സ്കൂൾ പ്രവർത്തന പ്ലാൻ തയ്യാറാക്കുകയും അതിലൂടെ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുകയും1 ചെയ്യുന്നതിനായി 30/05/2025 ന് അധ്യാപകരുടേയും അനധ്യാപകരുടേയും സംയുക്ത യോഗം ചേരുകയും വിശദമായ ചർച്ചയിലൂടെ പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങളുടെ രൂപരേഖ തയ്യാറാക്കുകയും ചെയ്തു. ഈ അധ്യയന വർഷം പതിമൂന്ന് ഡിവിഷനുകളിലായി 474 കുട്ടികൾ അധ്യയനം നടത്തുന്നു. പാഠ്യ-പാഠ്യേതര വിഷയങ്ങളിൽ മികച്ച നിലവാരം പുലർത്തുന്ന ഈ കലാലയത്തിന്റെ 2025-26 അധ്യയനവർഷത്തെ അക്കാദമിക മാസ്റ്റർപ്ലാൻ ഇവിടെ വിശദീകരിക്കുന്നു.

### പൊതുപ്രവർത്തനങ്ങൾ

സർക്കാർ തീരുമാനപ്രകാരം 02/06/2025 ന് തിങ്കളാഴ്ച പ്രവേശനോത്സവ ത്തോടെ അധ്യയനവർഷം ആരംഭിക്കുന്നു. അന്നുതന്നെ 2024-25 വർഷത്തെ പത്താംതരം വിജയികളുടെ അനുമോദനവും സംഘടിപ്പിക്കുന്നു. വിജയികളെ പൂക്കൾ നല്കിയും നവാഗതരെ പുസ്തകം നല്കിയും അധ്യാപകർ സ്വീകരിച്ചു.

എഴുത്തിലും വായനയിലും പിന്നാക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേക പരിഗണന നൽകിക്കൊണ്ട് **എന്റെ ഭാഷ** പദ്ധതി നടപ്പിലാക്കുന്നു. ഇതിനായി മുഴുവൻ

കുട്ടികളേയും മലയാളം, ഇംഗ്ലീഷ്, ഹിന്ദി ഭാഷകൾ വായിപ്പിക്കുകയും എഴുതിപ്പിക്കുകയും ചെയ്ത് മാർക്ക് നല്കി മുന്നോക്കക്കാരേയും പിന്നോക്കക്കാരേയും കണ്ടെത്തുന്നു. ചാർജ്ജ് അതാത് ക്ലാസധ്യാപകർ. തുടർന്ന് പിന്നോക്കക്കാർക്ക് രാവിലേയും വൈകുന്നേരങ്ങളിലുമായി പ്രത്യേക ക്ലാസ് നല്കുന്നു. നിലവാരം വിലയിരുത്തുന്നതിനായുള്ള ഫോറം മാസാവസാനങ്ങളിൽ കൃത്യമായി വിലയിരുത്തി ഹെഡ്മാസ്റ്ററെ ഏല്പിക്കണം. ഈ പ്രവർത്തനം അധ്യയനവർഷാവസാനം വരെ തുടരേണ്ടതാണ്. ഇതിലൂടെ ഈ സ്കൂളിൽ നിന്ന് വിദ്യാഭ്യാസം പൂർത്തിയാക്കി പുറത്തിറങ്ങുന്ന ഒരു കുട്ടിയും എഴുതുവാനും വായിക്കുവാനും അറിയാത്തവരായി ഉണ്ടാകരുത് എന്ന് ലക്ഷ്യമിടുന്നു. ക്ലാസുകൾ നല്കുന്നത് ശ്രീമതി പൗളിൻ വർക്കി, ശ്രീമതി ഫിലോമിന ടി സി, ശ്രീമതി ജിജി വർഗ്ഗീസ്, ശ്രീ വിനിൽ സി മാത്യു, ശ്രീ ആന്റോ തോമസ് പി, സി. ബിജി ജോസഫ്, ശ്രീമതി സൽജ പയസ്.

ഇംഗ്ലീഷ് മീഡിയം ക്ലാസുകൾ ഇംഗ്ലീഷിൽ മാത്രമേ പ്രവർത്തിക്കാവൂ എന്ന വിലയിരുത്തൽ ഉണ്ടായി. മുഴുവൻ ഇംഗ്ലീഷ് മീഡിയം ക്ലാസുകളിലും ക്ലാസുകൾ പൂർണ്ണമായും ഇംഗ്ലീഷിലാക്കി.

കുട്ടികളുടെ സഭാകമ്പം ഇല്ലാതാക്കുന്നതിനും നേതൃപാടവം വർദ്ധിപ്പിക്കുന്നതിനുമായി 2023-24 അധ്യയന വർഷം മുതൽ നടത്തിവന്ന കുട്ടികളുടെ അസംബ്ലി തുടരുവാൻ തീരുമാനിച്ചു. ഇതുപ്രകാരം എല്ലാ തിങ്കളാഴ്ചയും ഓരോ ക്ലാസിലെ കുട്ടികൾ അസംബ്ലി നിയന്ത്രിക്കുന്നു. ഇംഗ്ലീഷിലോ മലയാളത്തിലോ അസംബ്ലി സംഘടിപ്പിക്കാം. അച്ചടക്കം, ശുചിത്വം, മുതലായ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ **ബെസ്റ്റ് ക്ലാസ് അവാർഡ്** എല്ലാ ആഴ്ചയും ഈ അസംബ്ലിയിൽ വെച്ച് നല്കും. ഈ ട്രോഫി റോളിങ്ങായിരിക്കും. സ്കൂൾ കോമ്പൗണ്ട് **സീറോ വേസ്റ്റ് സോൺ** ആയി പ്രഖ്യാപിക്കുകയും ക്ലാസും കോമ്പൗണ്ടും ജൈവ അജൈവ മാലിന്യമുക്ത മാക്കുവാൻ നടപടി സ്വീകരിക്കുകയും ചെയ്യുന്നു. 8, 9, 10 ക്ലാസുകൾക്ക് എല്ലാമാസവും പരീക്ഷ നടത്തുന്നു. എല്ലാ വിഷയങ്ങൾക്കും A+ വാങ്ങുന്നകുട്ടികളെ അസംബ്ലയിൽ മെഡൽ നല്കി ആദരിക്കുന്നു. പിന്നോക്കക്കാരെ പ്രത്യേകം പരിഗണിക്കണം.

**പിടിഎ**

എല്ലാ മാസവും അവസാനവാരം പി.ടി.എ എക്സിക്യൂട്ടീവ് യോഗം ചേരുന്നു. ആദ്യ ജനറൽബോഡി യോഗം ഹയർസെക്കന്ററി അഡ്മിഷൻ പൂർത്തിയായ ശേഷം.

ജൂലൈ മാസം രണ്ടാം വാരത്തിൽ രക്ഷിതാക്കൾക്കും കുട്ടികൾക്കും ബോധവൽക്കരണ ക്ലാസും ക്ലാസ് പിടിഎ യും നടത്തണം.

**കുട്ടികളുടെ നോട്ട് ബുക്ക് പരിശോധന**

അധ്യാപകർ കൃത്യമായി കുട്ടികളുടെ നോട്ട് പരിശാധിക്കണം. ഓരോ ദിവസവും ഹെഡ്മാസ്റ്റർ നിർദ്ദേശിക്കുന്ന കുട്ടികൾ നോട്ട് ബുക്കുകൾ പരിശോധനയ്ക്ക് ഹാജരാക്കുകയും വേണം.

**പരീക്ഷകൾ**

എല്ലാ ക്ലാസുകളിലും ഓരോ പാഠം കഴിയുമ്പോഴും ക്ലാസ് പരീക്ഷകൾ നടത്തണം. മാർക്ക് എഴുതി സൂക്ഷിക്കുകയും പ്രധാനാധ്യാപകന്റെ ഒപ്പ് വാങ്ങുകയും വേണം. ജൂലൈ മാസം ആദ്യം മുതൽ മാസാദ്യ പരീക്ഷകൾ ആരംഭിക്കണം. പരീക്ഷകൾ മുഴുവൻ കുട്ടികൾക്കും നടത്തണം. മാർക്ക് രക്ഷിതാക്കളെ അറിയിക്കണം. ഡിസംബർമാസത്തിൽ തന്നെ എസ് എസ് എൽ സി കുട്ടികൾക്ക് റിവിഷനും പരീക്ഷകളും ആരംഭിക്കണം.

**പരീക്ഷാ തീയ്യതികൾ**

| | |
|---|---|
| JULY | : 01 - 04 |
| AUG | : FIRST TERM EXAM |
| OCT | : 06 - 09 |
| NOV | : 03 – 07 |
| DEC | : SECOND TERM EXAM |
| JANU | : 05 – 08 |
| MAR | : FINAL EXAM |

**SSLC കുട്ടികൾക്ക്**

| | |
|---|---|
| JANU 5 TO 9 | : FIRST EXAM |
| JANU 12 TO 16 | : SECOND EXAM |
| JANU 19 TO 23 | : THIRD EXAM |
| JANU26 TO 30 | : FOURTH EXAM, SMILE EXAM |
| FEB | : IT MODEL EXAM, IT EXAM, MODEL |
| MARCH | : PUBLIC EXAM |

## മറ്റ് പ്രവർത്തനങ്ങൾ

* എല്ലാ മാസവും **അവസാനവാരം** സബ്ജക്ട് കൗൺസിലും എസ് ആർ ജി യും ചേരേണ്ടതും പ്രവർത്തനങ്ങൾ വിലയിരുത്തി പരിഷ്കരിക്കേണ്ടത് പരിഷ്കരിച്ച് മുന്നോട്ട് പോകണം.

* ജൂൺ മാസത്തിൽ 3 മുതൽ 13 വരെ ബോധവത്കരണ ക്ലാസ് നടത്തണം. 26 ന് ലഹരി വിരുദ്ധദിനാചരണം സമുചിതമായി ആചരിക്കണം. ചാർജ്ജ് - വിമുക്തി, ADSU, SPC

* **ജൂലൈ രണ്ടാം വാരത്തിൽ** ഇംഗ്ലീഷ് ഭാഷാ പരിപോഷണത്തിനായുള്ള ഇംഗ്ലീഷ് ലാംഗ്വേജ് അക്യുസെഷൻ പ്രോഗ്രാം നടത്തുന്നു. ചാർജ്ജ് - ഇംഗ്ലീഷ് ക്ലബ്ബ്.

* **ജൂലൈ ആദ്യ രണ്ടാഴ്ചകളിലായി** രാവിലെ 9 മണി മുതൽ 10 മണി വരെയായി കവിതാരചന ശില്പശാലയും അടുത്ത രണ്ടാഴ്ചകളിൽ കഥ, ഉപന്യാസ ശില്പശാലയും സംഘടിപ്പിക്കുന്നു. ഇതിൽ തെരഞ്ഞെടുക്കുന്നവർക്ക് കലോത്സവമത്സരങ്ങൾക്കായുള്ള പരിശീലനം നല്കുന്നു. ചാർജ്ജ് - ശ്രീ വിനിൽ സി മാത്യു, ശ്രീമതി പൗളിൻ വർക്കി.

* **ആഗസ്റ്റ് മാസം** മുതൽ എൻ എം എം എസ്, മികവ് (കോർപ്പറേറ്റ് തല ജനറൽ നോളജ് പരീക്ഷ) പരിശീലനം ആരംഭിക്കുന്നു. ചാർജ്ജ് - ശ്രീമതി ഷീന പി സി, ശ്രീ ജിബി ജോസഫ്, ശ്രീ വിനിൽ സി മാത്യു.

## ദിനാചരണങ്ങൾ

വിവിധദിനാചരണങ്ങൾ കൃത്യമായും നടത്തേണ്ടതുണ്ട്. എന്നാൽ കുട്ടികൾക്ക് ക്ലാസ് നഷ്ടപ്പെടുത്താതെ അസംബ്ലിയിലോ പാഠപ്രവർത്തനങ്ങളുടെ ഭാഗമായോ പരിപാടികൾസംഘടിപ്പിക്കാം.

ജൂൺ 5 പരിസ്ഥിതി ദിനം : സംഘാടകർ – എസ് പി സി, നല്ലാപാഠം പ്രവർത്തകർ. സ്കൂൾ പരിസരത്തും വഴിയോരങ്ങളിലും തണൽ മരങ്ങൾ നടുന്നു.

ജൂൺ 23 യോഗ ദിനം : സംഘാടകർ – എസ് പി സി

ജൂൺ 19 വായനാദിനം : ജൂൺ 19 വായനാവാരോദ്ഘാടനവും 26 ന് സമാപനവും നടത്തണം. ഇതോടനുബന്ധിച്ച് തന്നെ ലഹരിവിരുദ്ധദിനാചരണവും വിവിധക്ലബ്ബുകളുടെ ഉദ്ഘാടനവും നടത്താൻ തീരുമാനിച്ചു. ചാർജ്ജ് വിദ്യാരംഗം കലാസാഹിത്യവേദി, വിമുക്തി, ADSU ക്ലബ്ബുകൾക്ക്.

ജൂലൈ 21: സ്കൂൾ ശാസ്ത്രമേള.

ആഗസ്റ്റ് 6, 9 : ഹിരോഷിമ ദിനം, നാഗസാക്കിദിനം, ക്വിറ്റിന്ത്യാദിനം. ചാർജ്ജ് - സോഷ്യൽ സയൻസ് ക്ലബ്ബ്. തിങ്കളാഴ്ച അസംബ്ലിയിൽ അനുസ്മരിക്കുന്നു. ഏന്നേ ദിനം ക്വിസ്, പ്രസംഗം മത്സരങ്ങൾ സംഘടിപ്പിക്കുന്നു. ഹിരോഷിമ ദിനത്തിൽ യുദ്ധവിരുദ്ധ പ്രതിജ്ഞ എടുക്കുന്നു.

ആഗസ്റ്റ് 15: സ്വാതന്ത്ര്യ ദിനം - പതാക ഉയർത്തൽ മറ്റ് പൊതുപരിപാടികൾ.

ആഗസ്റ്റ് 20, 28 : ശ്രീനാരായണ ഗുരു ജയന്തി, അയ്യങ്കാളി ജയന്തി - അസംബ്ലിയിൽ അനുസ്മരിക്കുന്നു.

സപ്തംബർ 29 : സ്കൂൾ കലാമേള

ഒക്ടോബർ 2 : ഗാന്ധി ജയന്തി. കുട്ടികളെ മുഴുവനായും സ്കൂളിൽ എത്തിക്കുന്നു. ഗാന്ധി അനുസ്മരണ പരിപാടികൾ, സേവനപ്രവർത്തനങ്ങൾ, കുട്ടികൾക്ക് മധുരം നല്കൽ.

ഒക്ടോബർ 3 : സ്കൂൾ കായികമേള

ഒക്ടോബർ 15 : ലോക വിദ്യാർത്ഥി ദിനം( എ പി ജെ അബ്ദുൾ കലാം ദിനം) കലാം അനുസ്മരണം.

നവംബർ 1 : കേരളപ്പിറവി. പ്രത്യേക അസംബ്ലി ചേരുന്നു.

നവംബർ 7 : സി വി രാമൻ ദിനം. സയൻസ് ക്വിസ്. ചാർജ്ജ് - സയൻസ് ക്ലബ്ബ്.

നവംബർ 14 : ശിശുദിനം.

ഡിസംബർ 19/20 ക്രിസ്തുമസ് ആഘോഷം.

